# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *333**

**10.04.2013-ലെ മറുപടിക്ക്**

### കാർഷികരംഗത്ത് പുത്തൻ സാങ്കേതിക വിദ്യ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ<br>ശ്രീ. എ. കെ. ബാലൻ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. ബാബു എം. പാലിശ്ശേരി | **ശ്രീ.കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ശാസ്ത്രസാങ്കേതികരംഗത്ത് ഉണ്ടാകുന്ന മുന്നേറ്റങ്ങളുടെ ഗുണഫലം സംസ്ഥാനത്തെ കർഷകർക്ക് മിതമായ ചെലവിൽ പൂർണ്ണമായി അനുഭവവേദ്യമാക്കാൻ സാധ്യമായിട്ടുണ്ടോ; | (എ) ശാസ്ത്ര സാങ്കേതിക രംഗത്ത് ഉണ്ടാകുന്ന മുന്നേറ്റങ്ങളുടെ ഗുണഫലം സംസ്ഥാനത്തെ കർഷകർക്ക് മിതമായ ചെലവിൽ പൂർണ്ണമായി അനുഭവവേദ്യമാക്കാൻ സാധ്യമായിട്ടുണ്ട്. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ 14 ജില്ലകളിലും കൃഷി വിജ്ഞാന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ 7 എണ്ണം കാർഷിക സർവ്വകലാശാലയുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്. ഈ കൃഷി വിജ്ഞാന കേന്ദ്രങ്ങൾ വഴി അതതു ജില്ലകളിലെ കർഷകർക്ക് പ്രാദേശിക പ്രസക്തിയുള്ള ഗവേഷണ നേട്ടങ്ങൾ ബോധ്യപ്പെടുത്തി അതു വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഏറ്റെടുക്കുന്നത്. ശാസ്ത്രസാങ്കേതിക രംഗത്തുണ്ടാകുന്ന മുന്നേറ്റത്തിന്റെ ഭാഗമായാണ് സംസ്ഥാനത്ത് ഹൈടെക് കൃഷിരീതി വ്യാപകമായി പ്രോത്സാഹിപ്പിക്കുന്നത്. സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളെയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയിൽ ഉരുത്തിരിയുന്ന നൂതന സാങ്കേതിക വിദ്യകൾ (വിത്തുകൾ/കൃഷി പരിചരണ മുറകൾ) കർഷകരുടെ പുരയിടങ്ങളിൽ പരീക്ഷിച്ച് വ്യാപകമാക്കാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇതിനായി ബയോടെക്നോളജി, സങ്കരയിനം വിത്ത് ഉല്പാദനം തുടങ്ങിയ പുത്തൻരംഗങ്ങളിൽ മുതൽ മുടക്കാൻ തയ്യാറാകുമോ; | (ബി) കാർഷിക സർവ്വകലാശാലയുടെ കീഴിൽ പത്തു കേന്ദ്രങ്ങളിൽ ബയോടെക്നോളജി ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ വെള്ളാനിക്കര കാർഷിക കോളേജിൽ 5 വർഷം ദൈർഘ്യമുള്ള Integrated Biotechnology ബിരുദ ബിരുദാനന്തര പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്. അഖിലേന്ത്യ അടിസ്ഥാനത്തിലുള്ള മത്സര പരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന 20 കുട്ടികൾക്ക് MSc Biotechnology ബിരുദത്തിന് എല്ലാ വർഷവും പ്രവേശനം നൽകിക്കൊണ്ടിരിക്കുന്നുണ്ട്. ഇതിനുപുറമെ വിവിധ ബാഹ്യ |

ഏജൻസികൾ (DBT, DST, KSCSTE) എന്നിവയുടെ സഹായത്തോടെ പല ഗവേഷണ പദ്ധതികളും ഏറ്റെടുത്തു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്. നിലവിൽ കാർഷിക സർവ്വകലാശാലയുടെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് പരമാവധി ബാഹ്യ സഹായ പദ്ധതികൾ ശാസ്ത്രജ്ഞൻമാരെക്കൊ ണ്ട് സമർപ്പിച്ച് നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്ത്യ ഗവൺമെന്റ് (ICAR) കാർഷിക സർവ്വകലാശാലക്ക് അനുവദിച്ചു തന്ന 100 കോടി രൂപയുടെ പദ്ധതികളിൽ ബയോടെക്നോളജി/ സങ്കരയിനം വിത്തുല്പാദനം എന്നീ മേഖലകളിൽ വരുന്ന താഴെപ്പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. Seed science and technology

2. Strengthening research on Biotechnology

(സി) ഈ ദിശയിലുള്ള പദ്ധതികൾക്ക് രൂപം നൽകുകയുണ്ടായോ; വിശദമാക്കാമോ?

(സി) 2013-14 വർഷത്തെ കാർഷിക സർവ്വകലാശാല ബജറ്റിൽ താഴെപ്പറയുന്ന മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിച്ച് ഈ ദിശയിലുള്ള ഗവേഷണം, വിത്തുൽപാദനം എന്നിവ ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

1. കാർഷിക ജൈവസാങ്കേതിക വിദ്യയും അനുബന്ധ കാർഷിക സാങ്കേതിക വിദ്യ പഠന കേന്ദ്രവും.

2. നെൽകൃഷി വികസന ഗവേഷണ കേന്ദ്രം

3. ഊർജ്ജിത വിത്തു നടീൽ വസ്തു ഉല്പാദന ഗവേഷണം.

4. കാർഷിക മേഖലയിലെ സൂക്ഷ്മാണു ഗവേഷണം.

ഇതിനുപുറമെ F1 സങ്കര നെല്ലിന വികസന ഗവേഷണത്തിന് ഊന്നൽ നൽകുന്ന പദ്ധതിയും, വനിത സ്വാശ്രയ സംഘങ്ങളുടെ സംരംഭങ്ങളിലൂടെ അത്യുത്പാദന ശേഷിയുള്ള വാഴയിനങ്ങൾ ടിഷ്യൂകൾച്ചർ രീതിയിലൂടെ വൻതോതിൽ ഉല്പാദിപ്പിക്കുന്ന ഉഭയ കക്ഷി പദ്ധതിയും ബജറ്റ് പ്രഖ്യാപനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 2013-14 വർഷത്തിൽ കഴക്കൂട്ടത്തെ ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ മുഖേന ടിഷ്യൂകൾച്ചർ വാഴകൾ, ടിഷ്യൂ കൾച്ചർ അലങ്കാര ചെടികൾ എന്നിവ ഉത്പാദിപ്പിക്കുന്നതിനായി ലക്ഷ്യമിട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ